AYURVEDA HOSPITAL AT TRICHUR—PARTICULARS OF

168. മിസ്റ്റർ ജോസ് കെ. വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ട് സദയം മറുപടി പറയുമോ.—

(എ) തൃശ്ശിവപേരൂർ ആയുർവ്വേദാശുപത്രിയിൽ എത്ര വിഷവൈദ്യന്മാരുണ്ട്; അവരുടെ ശമ്പളം;

(ബി) വിഷജ്വാലകം (Poison) ഏറ്റിട്ട് എത്ര കേസുകൾ കലമേനി മാസംതോറും അവിടെ വരുന്നുണ്ട്;

(സി) വിഷവൈദ്യന്മാർ അവിടെ രാത്രി ഡ്യൂട്ടിയിലുണ്ടോ;

(ഡി) ടി ആശുപത്രിയിൽ ഇലക്ട്രിക്ക് ലൈറ്റ് ഇല്ലാത്ത സെക്ഷൻ എത്ര ഉണ്ട്;

(ഇ) രാത്രി വിഷമേറ്റുവരുന്ന രോഗികളെ കിടത്തി ചികത്സിക്കുന്നതിന്നു് അവിടെ കട്ടിൽ കിടക്ക മുതലായ ഉപകരണങ്ങൾ ഉണ്ടോ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ:

(എ) ഒ പേർ. (ബി) പോയിസൺ സ്പെഷലിസ്റ്റ് Rs. 25 per mensem. (സി) ഓണററി വിഷവൈദ്യൻ Rs. 15 per mensem ഓണറേറിയം.

(ബി) മാസംതോറും കലമേനി ഏൻ്റു രോഗികൾ ഇവിടെ വരുന്നുണ്ട്.

(സി) ഉണ്ട്.

(ഡി) എല്ലാ സെക്ഷനിലും ഇലക്ട്രിക് ലൈറ്റ് ഉണ്ട്. എന്നാൽ Wiring കേടുവന്നിരിക്കയാൽ വെളിച്ചത്തിന്നു് ഔട്ട്പേഷ്യൻറ് സെക്ഷനിലും, കമ്പൗണ്ടിങ്ങ് സെക്ഷനിലും മാത്രം ഉപകരിക്കുന്നില്ല.

(ഇ) കട്ടിൽ ഇല്ല. കിടക്കമുതലായ ഉപകരണങ്ങൾ ഉണ്ട്.

മിസ്റ്റർ ജോസ് കെ. വർഗ്ഗീസ്: സാധാരണ രാത്രികാലങ്ങളിലും, എന്നുവേണ്ട എത്ര സമയങ്ങളിലും അപകടസ്ഥിതി വരാവുന്ന ഒരു നിലയാണു്, മറ്റു ചികത്സകളെ അപേക്ഷിച്ചു ഈ ചികത്സക്കുള്ളതു്. അങ്ങിനെ രാത്രിപോലും താമസിച്ചു ചികിത്സ നടത്തുന്ന ഒരു വൈദ്യനു വെറും ഒ ൪ ക. ശമ്പളം കൊടുക്കുമ്പോൾ അതു് ഒരു ശിപായിയുടെ ശമ്പളത്തേക്കാൾ കുറവാണെന്നുള്ളതു ഗവൺമെണ്ടു ധരിച്ചിട്ടുണ്ടോ?

Mr. K. Balakrishna Menon *(Minister for Food and Education)*: In regard to the pay of this gentleman, Government can only say that that will seriously be taken into consideration.

മിസ്റ്റർ ജോസ് കെ. വർഗ്ഗീസ്: അവിടെ രോഗികളെ കിടത്തി ചികിത്സിപ്പിക്കുന്ന സ്ഥലത്തു് ഇലക്ട്രിക് ലൈറ്റിൻറെ വയർ കേടുവന്നു് ലൈറ്റ് കിട്ടാതെയായിട്ടു് എത്ര കാലമായി എന്നു ഗവൺമെണ്ടിന്നറിയാമൊ?

Mr. K. Balakrishna Menon *(Minister for Food and Education)*: I want notice, but I can assure the House that immediately these matters will be looked into.

മിസ്റ്റർ പി. കെ. ഡീവർ: ഈ ചോദ്യം ഗവൺമെണ്ടിലേക്കു കിട്ടിയതിന്നു ശേഷമെങ്കിലും അവിടെയുള്ള വയർ കേടുവന്നിട്ടുള്ളതു മാറിയിട്ടുണ്ടോ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: മാറിയിട്ടുണ്ടാകും.

GOVERNMENT SERVANTS—SUSPENISON OF

169. മിസ്റ്റർ കെ. എ. രാഘവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു സദയം മറുപടി പറയുമൊ.—

(എ) ഗവൺമെണ്ടു സർവ്വീസിൽ മുറമാസത്തിൽ കവിഞ്ഞ കാലത്തേക്കു സസ്പെണ്ടിൽ ഇരിക്കുന്ന ഉദ്യോഗസ്ഥന്മാർ എത്രയുണ്ടു്;

(ബി) ഒരു ക്ലിപ്തകാലത്തിനകം സസ്പെൻഷനിലിരുന്നാൽ അവർ ഡിസ്മിസ്സ് ചെയ്യപ്പെട്ടതായി പരിഗണിക്കണമെന്നു് അനുശാസിക്കുന്ന വല്ല സ്റ്റാൻണ്ടിംഗ് ഓർഡറൊ ഗവൺമെണ്ടു് പ്രൊസീഡിംഗ്സൊ ഉണ്ടോ?

റാവുബഹദൂർ ടി. കെ. നായർ:

(എ) ഒന്നു.

(ബി) ഇല്ല.

മിസ്റ്റർ പി. എ. മുഹമ്മതു് അഹ്മദ്: ഒന്നു പേരുള്ളവരിൽ ഒരു ഉദ്യോഗസ്ഥനെയൊ, അതിന്നു മീതെയോ ശമ്പളം മേടിക്കുന്നവരായിട്ടു് ആരെങ്കിലുമുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: അറിഞ്ഞുകൂടാ.

LIBRARY ARCHIVES Kerala Legislative Assembly